പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2952 15.02.2013-ൽ മറുപടിയ്ക്ക്

## വയനാട് ജില്ലയിലെ അദ്ധ്യാപക നിയമനം

ചോദ്യം

ശ്രീ . സി. മമ്മൂട്ടി

ഉത്തരം

ശ്രീ. പി.കെ. അബ്ദുറബ്ബ്
(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി )

(എ) വയനാട് ജില്ലയിലെ തരുവണ ഗവൺമെന്റ് ഹൈസ്കൂളിൽ അറബി പഠിക്കാൻ താൽപര്യമുള്ള 21 കുട്ടികളെ പഠിപ്പിക്കാൻ അറബി അദ്ധ്യാപകനെ നിയമിക്കാനും ഇതേ ജില്ലയിലെ തന്നെ ബീനാച്ചി ഗവൺമെന്റ് യു.പി. സ്കൂളിൽ സംസ്കൃതം പഠിക്കുവാൻ താത്പര്യമുള്ള കുട്ടികളെ പഠിപ്പിക്കാൻ സംസ്കൃത അദ്ധ്യാപകനെ നിയമിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ, എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഹയർ വെരിഫിക്കേഷൻ മേൽപ്പറഞ്ഞ രണ്ടു സ്കൂളുകളിലും നടത്തിയിട്ടുണ്ടോ : ഉണ്ടെങ്കിൽ , ഏത് ഉദ്യോഗസ്ഥനാണ് നടത്തിയിട്ടുള്ളത് ; ഇതിൻ പ്രകാരം മേൽ നടപടികൾ രണ്ടു സ്കൂളുകളിലും നടത്തിയത് എന്തൊക്കെയെന്ന് പ്രത്യേകം, പ്രത്യേകം വിശദീകരിക്കുമോ ;

(എ) തരുവണ ഗവൺമെന്റ് ഹൈസ്കൂളിൽ 2010 -11 വർഷം അറബിക് തസ്തിക അനുവദിക്കുവാൻ ആവശ്യമായ കുട്ടികൾ ഇല്ലാത്തതി - നാൽ പ്രസ്തുത വർഷം സ്ക്കൂളിൽ അറബിക്കിന്റെ തസ്തിക വയനാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അനുവദിച്ചിരു - ന്നില്ല. എന്നാൽ 2011-12 വർഷം അറബിക്കിന് 21 കുട്ടികൾ ഉണ്ടായിരുന്നതിനാൽ വയനാട് വിദ്യാഭ്യാസ ഉപ ഡയറക്ടർ ഹയർ ലെവൽ പരിശോധന നടത്തിയിരു- ന്നെങ്കിലും സർക്കാർ ഉത്തരവ് നമ്പർ ജി ഒ(പി) നം.199/11/പൊ.വി. തീയതി 01.10.11 പ്രകാരം 2010-11 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് തന്നെ 2011-12 വർഷവും പ്രാബല്യത്തിലുള്ളതാണെന്ന് അറിയിച്ചതിനാൽ, ജില്ലാ വിദ്യാഭ്യാസ ആഫീസർ 2011-12 വർഷം സ്ക്കൂളിൽ അറബിക് തസ്തിക അനുവദിച്ചിരുന്നില്ല. സ്ക്കൂളിൽ 2011-12 വർഷം വയനാട് വിദ്യാഭ്യാസ ഉപ ഡയറക്ടർ ഹയർ ലെവൽ പരിശോധന നടത്തിയിരുന്നു.

(............2)

എന്നാൽ ബീനാച്ചി ഗവൺമെന്റ് യു.പി. സ്കൂളിൽ 2010-11 -ൽ സംസ്കൃതം തസ്തികയ്ക്ക് ആവശ്യമായ വിദ്യാർത്ഥികൾ ഇല്ലാത്തതിനാൽ സുൽത്താൻബത്തേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തിക അനുവദിച്ചിരുന്നില്ല. എന്നാൽ 2011-12 വർഷം സ്കൂളിൽ 5-ാം ക്ലാസ്സിൽ സംസ്കൃതം പഠിക്കുന്നതി - നുള്ള കുട്ടികൾ ഉണ്ടായിരുന്നതിനാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഹയർ ലെവൽ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ സ്കൂളിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സംസ്കൃതം (പാർട്ട്ടൈം) തസ്തിക 26.08.2011 ന് അനുവദിക്കുകയും പ്രസ്തുത തസ്തികയിൽ ട്രാൻസ്ഫർ മുഖേന അധ്യാപകനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഹയർ ലെവൽ പരിശോധന ജില്ലാ വിദ്യാഭ്യാസ ഓഫീസർ നടത്തിയിട്ടുണ്ട്.

(ബി) മേൽപറഞ്ഞ അദ്ധ്യാപകരെ നിയമിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ ; നിയമനം നടത്തിയില്ലെ- ങ്കിൽ മേൽപറഞ്ഞ ഓരോ സ്കൂളിലും എപ്പോൾ നിയമനം നടത്തുമെന്ന് വിശദമാക്കാമോ ;

(ബി) തരുവണ ഗവൺമെന്റ് ഹൈസ്കൂളിൽ അറബി തസ്തിക അനുവദിച്ചിട്ടില്ലാത്തതിനാൽ അദ്ധ്യാപകനെ നിയമിച്ചിട്ടില്ല. എന്നാൽ ബീനാച്ചി ഗവൺമെന്റ് യു.പി. സ്കൂളിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സംസ്കൃതം (പാർട്ട്ടൈം) അഡീഷണൽ തസ്തിക അനുവദിച്ചത് അറിയിച്ച് അതിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകനെ ട്രാൻസ്ഫർ മുഖേന നിയമിച്ചിട്ടുണ്ട്. ഹയർ ലെവൽ പരിശോധന റിപ്പോർട്ട് ലഭിച്ചത് 01.10.11 ലെ ജി ഒ (പി) നം.199/11/പൊ.വി. നമ്പർ അദ്ധ്യാപക പാക്കേജ് ഉത്തരവ് വന്നതിന് ശേഷമായിരുന്നതിനാലാണ്

(.........3)

തരുവണ ഗവൺമെന്റ് ഹൈസ്കൂളിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറബിക് തസ്തിക അനുവദിക്കാതിരുന്നത്. എന്നാൽ പ്രസ്തുത ഉത്തരവ് വരുന്നതിന് മുൻപാണ് (26.08.11) സുൽത്താൻ ബത്തേരി ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ബീനാച്ചി ഗവൺമെന്റ് യു.പി. സ്കൂളിൽ സംസ്കൃതം തസ്തിക അനുവദിച്ചിരുന്നത്.

(സി) 2010 -ലെ വിദ്യാർത്ഥികളുടെ എണ്ണമനുസരിച്ച് തരുവണ ഗവൺമെന്റ് ഹൈസ്കൂളിൽ ഡിവിഷൻ അനുവദി - ച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ, എന്തുകൊണ്ട് ; അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

(സി) 01.01.11 -ലെ ജി.ഒ (എം.എസ്) നം.4/11 നമ്പർ ഉത്തരവ് പ്രകാരമാണ് തരുവണ ഗവൺമെന്റ് ഹൈസ്കൂളിൽ സ്വതന്ത്ര പദവി ലഭിച്ചത്. അതുവരെ വെള്ളമുണ്ട ഗവൺമെന്റ് ഹൈസ്കൂളിന്റെ ബ്രാഞ്ചായി പ്രവർത്തിക്കുകയായി - രുന്നു. 2010-11 വർഷം അറബിക് പഠിക്കുവാൻ കുട്ടികൾ ഇല്ലാത്തതി- നാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തിക അനുവദിച്ചിരുന്നില്ല. എന്നാൽ 2011-12 വർഷം കുട്ടികൾ ഉള്ളതിനാൽ ഹയർ ലെവൽ പരിശോധന നടത്തിയിരുന്നെങ്കിലും ജി ഒ (പി) നം.199/11/പൊ.വി. തീയതി 01.10.11 ഉത്തരവ് പ്രകാരം 2010-11 വർഷത്തെ തസ്തിക നിർണ്ണയം തന്നെ 2011-12 ലും ബാധകമാണെന്നതിനാൽ 2011-12 വർഷം അഡീഷണൽ തസ്തിക അനുവദിച്ചിട്ടില്ല. UID പൂർത്തീകരി - ക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനമാകുന്നതാണ്.

Sindhu

സെക്ഷൻ ഓഫീസർ